# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **28.06..2016-ൽ മറുപടിക്ക്**

**ചോദ്യം നമ്പർ -102**

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ നടന്ന അഴിമതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്**<br>**,, എ.എം. ആരിഫ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**പ്രൊഫ.കെ.യു. അരുണൻ:** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിവാരണ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിൽ നടന്ന അഴിമതിയെക്കുറിച്ച് ഉയർന്ന പരാതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളായി നടപ്പിൽ വരുത്തുവാനിരുന്ന ആസിഡ് റിക്കവറി പ്ലാൻറ്, കോപ്പറാസ് റിക്കവറി പ്ലാൻറ്, ന്യൂട്രലൈസേഷൻ പ്ലാൻറ് എന്നിവ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നിട്ടുണ്ടെന്നും, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ഉൽപ്പന്നങ്ങൾക്ക് 5% ഡിസ്കൗണ്ട് അനുവദിച്ചതിലും അഴിമതി നടന്നിട്ടുണ്ടെന്നും, കമ്പനിയിലേക്കുള്ള മണ്ണെണ്ണ വാങ്ങിയ ഇനത്തിലും അഴിമതി നടന്നിട്ടുണ്ടെന്നും, മറ്റുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വി.ഇ.30/2006/എസ്.ഐ.യു-1 ആയി തിരുവനന്തപുരം വിജിലൻസ് & ആൻറികറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I പോലീസ് സൂപ്രണ്ട് ഓഫീസിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതാണ്. |
| (ബി) പരാതിയിൽ ആരോപണ വിധേയർ ആരെല്ലാമെന്നും അവരിൽ ആർക്കെല്ലാമെതിരെ പ്രാഥമിക വിവര റിപ്പോർട്ട് ഉണ്ടെന്നും ബാക്കിയുള്ളവരെ ഒഴിവാക്കിയതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അറിയിക്കുമോ; | (ബി) | പരാതിയിലെ ആരോപണ വിധേയരുടെ പേരുകൾ ചുവടെ ചേർക്കുന്നു.<br>(1) ശ്രീ.ഈപ്പൻ ജോസഫ്, കരിക്കാട്ടുകുന്നിൽ ഹൗസ്, പ്ലോട്ട് നം.140, പി.റ്റി.പി നഗർ, തിരുവനന്തപുരം.<br>(2) ശ്രീ.ജി. സന്തോഷ് കുമാർ, അങ്കണം, റ്റി.സി.10/2044, തൊഴുവൻകോട് ക്ഷേത്രത്തിനു സമീപം, വട്ടിയൂർക്കാവ് (പി.ഒ), തിരുവനന്തപുരം. |

(3) ശ്രീ.എ.എം. ഭാസ്കരൻ, ഫ്ലാറ്റ് നം.306, പണ്ഡിറ്റ് കോളനി, കവടിയാർ, തിരുവനന്തപുരം-3.

(4) ശ്രീ.തോമസ് മാത്യു, റ്റി.സി.01/738, ആർ 9, ജെയ് നഗർ. മെഡിക്കൽ കോളേജ്.പി.ഒ, തിരുവനന്തപുരം.

(5) ശ്രീ.ബി.ഗോപകുമാരൻ നായർ, ചൈതന്യ, ആർ എ.305, റ്റി.സി.02/1624, കൊട്ടാര ലെയിൻ, ഗൗരീശപട്ടം, തിരുവനന്തപുരം.

(6) ശ്രീ.ഉമ്മൻചാണ്ടി, മുൻ മുഖ്യമന്ത്രി

(7) ശ്രീ.ടി.ബാലകൃഷ്ണൻ ഐ.എ.എസ്, 9 സി.എസ്.എഫ്.എസ്, കിംഗ്സ് വുഡ്, ജവഹർ നഗർ, തിരുവനന്തപുരം.

(8) ശ്രീ.രമേശ് ചെന്നിത്തല, കോട്ടൂർ, കിഴക്കതിൽ.പി.ഒ, തൃംപ്പെരുംതറ, ചെന്നിത്തല, മാവേലിക്കര.

(9) ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്, വലിയപറമ്പിൽ ഹൗസ്, കൊൺഗുർപ്പിള്ളി, പെരിയാർ ക്രസൻറ്, തോട്ടക്കാട്ടുകര.പി.ഒ, ആലുവ, എറണാകുളം.

(10) ശ്രീ.രാജീവൻ, പ്രൊപ്രൈറ്റർ, M/s. Grindex Enterprises and representative of M/s.Chemmattur Eco planning Phinland.

(11) ശ്രീ.ഗംഗാധരൻ, കോട്ടൂർ, റ്റി.സി.76/2169, MGRA-36, മഹാരാജ ലെയിൻ, ആനയറ, തിരുവനന്തപുരം-29

(12) ശ്രീ.ഡി.കെ.ബാസു, General Manager, .Meccon India Ltd, South End Road, Bassavangudi, Banglore.

(13) ശ്രീ.എ.സുജനപാൽ, മുൻ മന്ത്രി, ആരോഗ്യ പരിസ്ഥിതി വകുപ്പ്. കുതിരവട്ടം.പി.ഒ, കോഴിക്കോട്.

വിജിലൻസ് അന്വേഷണത്തെ തുടർന്ന് 6 പേർക്ക് എതിരെ വി.സി.01/2015/ എസ്.ഐ.യു-1 എന്ന നമ്പരായാണ് പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ, ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി)

ലിമിറ്റഡ്. കൊച്ചുവേളി, തിരുവനന്തപുരം.

2. ശ്രീ.ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്. റ്റി.സി.06/1391, ബേബിജോൺ കോളനി, പി.റ്റി.പി നഗർ, തിരുവനന്തപുരം38.
3. ശ്രീ.സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്), ടി.ടി.പി ലിമിറ്റഡ്. കൊച്ചുവേളി, തിരുവനന്തപുരം
4. ശ്രീ.എ.എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്. കൊച്ചുവേളി, തിരുവനന്തപുരം
5. ശ്രീ.തോമസ് മാത്യു, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്, (മേധാവി ടി.ജി പ്രോസസ് ആൻറ് പ്രോജക്ട്സ് കൺസൾട്ടൻറ്) ആർ 9, ജെയ് നഗർ. മെഡിക്കൽ കോളേജ്.പി.ഒ, തിരുവനന്തപുരം.
6. ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്. (ടി.ജി പ്രോസസ് ആൻറ് പ്രോജക്ട്സ് കൺസൾട്ടൻറ് ഇൻ ചാർജ്), ചൈതന്യ, ആർ എ.305, റ്റി.സി.02/1624, കൊട്ടാര ലെയിൻ, ഗൗരീശപട്ടം, തിരുവനന്തപുരം.

പ്രാഥമിക വിവര റിപ്പോർട്ടിൽ നിന്നും ഒഴിവാക്കിയ മറ്റുള്ളവർക്ക് എതിരെ അന്വേഷണത്തിൽ തെളിവു ലഭിക്കുന്ന പക്ഷം പ്രതികളായി ചേർത്ത് അന്വേഷണം നടത്തുന്നതാണ്.

| | |
|---|---|
| (സി) ഇതുമായി ബന്ധപ്പെട്ട വിജിലൻസ് (സി) കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | വിജിലൻസ് കേസ് 1/2015/എസ്.ഐ.യു-1 നമ്പരായി കേസ് രജിസ്റ്റർ ചെയ്യും ബന്ധപ്പെട്ട രേഖകൾ ബന്തവസ്സിലെടുത്തും അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ